# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1026

12-07-2016 ൽ മറുപടിയ്ക്ക്

## ഭക്ഷ്യ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ.ഡി. പ്രസേനൻ
ശ്രീ. എ.എം. ആരിഫ്
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. ആന്റണി ജോൺ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തീർണ്ണം വർഷം തോറും കുറഞ്ഞുവരുന്നത് തടയുന്നതിനായി എന്തു പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തീർണ്ണം വർഷം തോറും കുറഞ്ഞു വരുന്നത് തടയുന്നതിനായി സംസ്ഥാനത്ത് തരിശു കിടക്കുന്ന കൃഷിയോഗ്യമായ നിലങ്ങളും കായൽ പ്രദേശങ്ങളും നെൽകൃഷിയ്ക്ക് ഉപയുക്തമാക്കി സംസ്ഥാനത്തിലെ നെൽകൃഷിയുടെ വിസ്തീർണ്ണം 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. അതോടൊപ്പം കരപ്രദേശങ്ങളിലും നെൽ കൃഷി വ്യാപിപ്പിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. 2016-17 വർഷം 2560 ഹെക്ടർ കരനെൽകൃഷി വ്യാപിപ്പിക്കുന്നതാണ്. 5 വർഷം കൊണ്ട് കര നെൽകൃഷി 1 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മറ്റ് നെൽകൃഷി വികസന പദ്ധതികളും ഇതോടൊപ്പം നടപ്പിലാക്കുന്നു. |
| (ബി) | നെൽകൃഷി വ്യാപിപ്പിക്കുന്നതിന് സംസ്ഥാനത്തെ കൃഷിഭവനുകൾക്കുള്ള പങ്ക് അവലോകനം ചെയ്തിട്ടുണ്ടോ; കൃഷിഭവനുകളെ പുന:സംഘടിപ്പിച്ച് കാർഷിക മേഖലയുടെ, പ്രത്യേകിച്ച് ഭക്ഷ്യവിളകളുടെ വികസനത്തിന് ചാലകശക്തിയായി മാറ്റുവാൻ നടപടിയെടുക്കുമോ എന്നറിയിക്കാമോ: | (ബി) | അവലോകനം ചെയ്തിട്ടുണ്ട്. കൃഷി ഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടെ സാങ്കേതിക വിദ്യകളുടെ വ്യാപനവും യന്ത്രവത്കരണവും നടപ്പാക്കുന്നതിനെക്കുറിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ? | (സി) | സ്വയം തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 1993-94 ൽ നടപ്പാക്കിയ ഒരു ലക്ഷം യുവജന പദ്ധതിയിൽ ഇപ്പോൾ 85,417 അംഗങ്ങളായി തുടർന്ന് വരുന്നുണ്ട്. കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുക എന്ന ഉദ്ദേശത്തോടെ "ഹൈടെക് അഗ്രികൾച്ചർ" പദ്ധതി, "കാർഷിക യന്ത്രവൽക്കരണത്തിനുള്ള സബ്മിഷൻ പദ്ധതി" എന്നീ പദ്ധതികൾ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കാർഷികയന്ത്രങ്ങളുടെ ഉപയോഗം പരിപാലനം എന്നിവയിൽ പരിശീലനം, കർഷകർക്ക് ആവശ്യാനുസരണം കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള കസ്റ്റം ഹയറിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. "അഗ്രോ സർവ്വീസ് സെന്ററുകളും സേവനവും" എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിൻകീഴിൽ 65 അഗ്രോ സർവ്വീസ് സെന്ററുകളും 200 കാർഷിക കർമ്മസേനകളും പ്രവർത്തിച്ചു വരുന്നു. യുവജനങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി അവർക്ക് യന്ത്ര സാമഗ്രികൾ നൽകി സജ്ജമാക്കിയാണ് ഇവ പ്രവർത്തിച്ചുവരുന്നത്. ഇതു വഴി കാർഷിക മേഖലയിലെ തൊഴിലാളി ദൗർബല്യത്തിന് ഒരു പരിധിവരെ പരിഹാരം കാണുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**